# പി സി എ എൽ പി സ്കൂൾ

## നന്മണ്ട

# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025-26



## ആമുഖം

നന്മണ്ട ഗ്രാമപഞ്ചായത്തിൽ ആറാം വാർഡ് സ്ഥിതി ചെയ്യുന്ന നമ്മുടെ വിദ്യാലയം 4 ,5 വാർഡുകളിലെ കുട്ടികൾക്കും പഠനം നേടാനുള്ള ഏക പൊതുവിദ്യാലയമാണ് 1930 സ്ഥാപിച്ച ഈ സ്കൂളിന്റെ ഇപ്പോഴത്തെ മാനേജർ വി.കെ.ഷൈജിൽ ആണ് . സാമൂഹിക, സാംസ്കാരിക, ശാസ്ത്ര മേഖലകളിൽ മികച്ച വ്യക്തികളെ വാർത്തെടുക്കാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ട പിന്തുണ സമൂഹത്തിൽ നിന്നും ലഭിച്ചു വരുന്നുണ്ട്

## മികവുകൾ

- ബാലുശ്ശേരി ഉപജില്ലാ ശാസ്ത്രമേളയുടെ ഭാഗമായുള്ള  ക്വിസ് മത്സരങ്ങളിൽ എ ഗ്രേഡും ലഘുപരീക്ഷണം, മോഡൽ, ചാർട്ട് നിർമ്മാണം എന്നിവയിൽ എ ഗ്രേഡും നേടി. ഉപജില്ലാതലത്തിൽ രണ്ടാം സ്ഥാനം നേടാൻ കഴിഞ്ഞു

- ഉപജില്ലാ കലാമേളയിൽ ചിത്രരചന ആംഗ്യപ്പാട്ട്, ലളിതഗാനം, അറബിക് ഗാനം എന്നിവയിൽഎ ഗ്രേഡും കരസ്ഥമാക്കി.

- എല്ലാവർഷവും വാർഷികാഘോഷം, കായികമേള, ശാസ്ത്രമേള, വിദ്യാരംഗം കലാസാഹിത്യ വേദി എന്നിവ സംഘടിപ്പിക്കുന്നു.

- ദിനാചരണങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നു.

- വിദ്യാർത്ഥികൾ പ്രഭാത ഭക്ഷണം, പാൽ, മുട്ട, പഴം, സ്വാദിഷ്ടമായ ഉച്ചഭക്ഷണം എന്നിവ നൽകിവരുന്നു.

- സ്കൂളിൽ പി.ടി.എ യുടെ സഹകരണത്തോടെ പച്ചക്കറി കൃഷി നടപ്പിലാക്കി

- അടച്ചുറപ്പുള്ളതും സുരക്ഷിതമായ കെട്ടിടങ്ങളാണ് സ്കൂളിലുള്ളത്

- ആധുനികവൽക്കരിച്ച പാചകപ്പുരയും ഊട്ടുപുരയും സ്കൂളിനുണ്ട്

- I. C. T. ഉപയോഗം.

## ലക്ഷ്യങ്ങൾ

- ⌘ ഓരോ ക്ലാസുകളിലും ഓരോ വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട ശേഷികൾ കുട്ടികൾക്ക് ലഭ്യമായോ എന്ന് ഉറപ്പാക്കുക
- ⌘ ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുക
- ⌘ കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക
- ⌘ മുഴുവൻ ക്ലാസുകളിലും ഐ.സി.ടി സാധ്യത ഉറപ്പുവരുത്തുക
- ⌘ പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക
- ⌘ ക്യാമ്പുകൾ ,ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക
- ⌘ പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക
- ⌘ പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക
- ⌘ സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്ന പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക
- ⌘ കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിന് ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക
- ⌘ കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

# അധ്യാപകരുടെ വിവരങ്ങൾ

| അധ്യാപകൻ | ക്ലാസ് ചുമതല |
|---|---|
| 1. നിഷ കെ | 3 |
| 2. ആഷിതിബാബു | 1 |
| 3. നസീമ പള്ളിത്തൊടുക | 1-4 |
| 4. അനഘ വി എസ് | 2 |
| 5. വൈഷ്ണവ് വി എസ് | 4 |

# Academic calendar 2025 - 26
# Nanminda PCALP school

| | |
|---|---|
| ജൂൺ | പ്രവേശനോത്സവം<br>SRG യോഗം<br>CPTA<br>പരിസ്ഥിതി ദിനം<br>വായന വാരം 19 – 25<br>ലൈബ്രറി വിതരണം |
| ജൂലായ് | SRG യോഗം<br>ബഷീർ ദിനം<br>PTA - MPTA<br>ചാന്ദ്രദിനം<br>ലോക ജനസംഖ്യാ ദിനം |
| ആഗസ്റ്റ് | ഹിരോഷിമ ദിനം<br>വിദ്യാരംഗം കലാസാഹിത്യ വേദി<br>സ്വാതന്ത്ര്യ ദിനാഘോഷം<br>SRG യോഗം<br>ഓണാഘോഷം<br>PTA - MPTA പ്രവർത്തക സമിതി |
| സെപ്തംബർ | അധ്യാപക ദിനം<br>CPTA<br>SRG യോഗം<br>കായികോത്സവം<br>ശാസ്ത്രമേള |
| ഒക്ടോബർ | ഗാന്ധി ജയന്തി<br>PTA/ MPTA<br>പുസ്തക വരി - ലൈബ്രറി ശാക്തീകരണം<br>ശില്പശാല<br>SRG യോഗം |

| | |
|---|---|
| നവംബർ | PTA - MPTA<br>ശിശുദിനം<br>SRG യോഗം<br>പഠനയാത്ര<br>ചെറുവ്യവസായ ശാല സന്ദർശനം |
| ഡിസംബർ | PTA - MPTA<br>ചിത്രരചനാ കളരി<br>കഥാ കവിതാ രചനാ കളരി<br>അന്താരാഷ്ട്ര അറബി ഭാഷാ ദിനം<br>മാസിക നിർമാണം<br>SRG യോഗം |
| ജനുവരി | CPTA<br>പച്ചക്കറിത്തോട്ടം<br>കൃഷി പാഠം<br>റിപ്പബ്ലിക് ദിനം<br>SRG യോഗം |
| ഫെബ്രുവരി | SRG യോഗം<br>PTA - MPTA പ്രവർത്തക സമിതി<br>പലഹാര മേള<br>പഠനോത്സവം |
| മാർച്ച് | PTA/ MPTA<br>പൂർവ വിദ്യാർഥി സംഗമം<br>വാർഷികാഘോഷം<br>SRG യോഗം |

മേഖല : **മലയാളം**

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| ഭാഷാപരമായ അടിസ്ഥാന ശേഷികൾ കൈവരിക്കാൻ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വർക്ക് ഷീറ്റ് നൽകുന്നു കുട്ടികൾക്ക് ഏത് സമയത്തും വന്ന് വായിക്കാൻ പറ്റുന്ന രീതിയിൽ വായന മൂല സജ്ജീകരിക്കുന്നു. വിവിധ നിലവാരക്കാർക്ക് പറ്റിയ പുസ്തകങ്ങൾ മാഗസിനുകൾ എന്നിവ ലഭ്യമാകുന്നു | ജൂൺ-മാർച്ച് |
| സ്കൂൾ പഠനാന്തരീക്ഷം ആകർഷണീയ മാക്കൽ | സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ സ്കൂൾ ചുവരുകളിൽ പതിക്കൽ | ജൂൺ-മാർച്ച് |
| ഉയർന്ന സാഹിത്യ അഭിരുചി വളർത്താനുള്ള സാഹചര്യം ഇല്ലാത്തത് | പ്രാദേശികവും അല്ലാത്തതുമായ കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു ലൈബ്രറി വികസനം ഓരോ മാസത്തിനും പുസ്തകങ്ങൾ വായിച്ച് മികച്ച ആസ്വാദനക്കുറിപ്പ് കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ പുസ്തക വണ്ടി | ജൂൺ-മാർച്ച് |

## പരിസര പഠനം

| പഠന നേട്ടം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | പൂന്തോട്ടം ഒരുക്കാം<br>ഒരു തൈ നടാം<br>പോസ്റ്റർ നിർമ്മാണം<br>ദാഹജലം | ജൂൺ -മാർച്ച് |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക | ഫീൽഡ് ട്രിപ്പ് /പഠനയാത്ര<br>പരീക്ഷണങ്ങൾ<br>ശാസ്ത്രജ്ഞനോടൊപ്പം<br>പക്ഷി നിരീക്ഷണം.<br>കുട്ടിക്കൊരു ശാസ്ത്രകിറ്റ്,<br>ശാസ്ത്രമേള | |
| പ്രദേശങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയില്ല | വാർഡ് പഞ്ചായത്ത് ജില്ലാ<br>കേരളം ഇന്ത്യ എന്നിവയുടെ<br>ഭൂപടങ്ങൾ | ജൂൺ -മാർച്ച് |
| പഴയകാല ഉപകരണങ്ങളെ കുറിച്ച് ധാരണക്കുറവ് | പഴയകാലത്തെ<br>ഉപയോഗിച്ചിരുന്ന സാധനങ്ങൾ<br>ഉപകരണങ്ങൾ പ്രദർശനം | |
| ചരിത്രപ്രധാന ദിനങ്ങളെ കുറിച്ചുള്ള ധാരണക്കുറവ് | ക്വിസ് മത്സരങ്ങൾ<br>ദിനാചരണങ്ങൾസംഘടിപ്പിക്കുക<br>വിവിധ ആഘോഷങ്ങൾ<br>ജനകീയമായിസംഘടിപ്പിക്കുക | ജൂൺ -മാർച്ച് |

## ENGLISH

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| Lack of communication skill | conducting English fest<br>formation of English club<br>English assembly | 2025-2026 |
| Addressing slow pace learners | Special coaching classes for slow pace learners | |
| Insuffıcent vacabulary | Word games<br>spelling contests<br>dictionary making | |
| Deffective sentence pattern | Making sentence cards using sentence cards in class room<br>Reading cards | |

## ഗണിതം

| പ്രശ്നങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ്. |
|---|---|---|
| ശിശു സൗഹൃദ പഠന സാമഗ്രിയുടെ കുറവ് | ഗണിത ലാബ് ശാക്തീകരണം<br>ഗണിതോപകരണ നിർമ്മാണ ശില്പശാല | ജൂൺ- മാർച്ച് |
| ഗണിത പഠനം രസകരവും ആകർഷകവും ആക്കാൻ സാധിക്കുന്നില്ല | ഗണിത കളികൾ ഗണിതവിജയം<br>പസിലുകൾ<br>ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രക്കുറിപ്പുകൾ തയ്യാറാക്കൽ<br>ഗണിത പതിപ്പ് തയ്യാറാക്കൽ<br>ഗണിതശാസ്ത്രമേള<br>ഗണിത പാട്ടുകൾ ശേഖരണം | ജൂൺ- മാർച്ച് |
| ഗണിതത്തിലെ മുഴുവൻ ശേഷികളും നേടാൻ എല്ലാവർക്കും കഴിയുന്നില്ല | ഗണിത കളികൾ<br>കളിനോട്ട്<br>അബാക്കസ്<br>അരവിന്ദ് ഗുപ്ത കാർഡുകൾ | ജൂൺ- മാർച്ച് |
| മികച്ച ഗണിത പ്രതിഭകളെ കണ്ടെത്തൽ | ഗണിത ക്വിസ്<br>ഗണിതോത്സവം | ജനുവരി -മാർച്ച് |

കല, കായികം , പ്രവർത്തി പരിചയം

| പ്രശ്നങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| പരിശീലനത്തിന്റെ അഭാവം | പ്രാദേശികമായി ലഭ്യമായ കലാകാരന്മാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക നിർമ്മാണകളരികൾസംഘടിപ്പിക്കുക. മേളകൾ | ജൂൺ - മാർച്ച് |
| പരിശീലനം ലഭിച്ച അധ്യാപകരുടെ അഭാവം | ഈ മേഖലയിൽ പരിശീലനം ലഭിച്ച അധ്യാപകരുടെ ക്ലാസുകൾ സംഘടിപ്പിക്കുക | |
| കലാപരമായ കഴിവ് വികസിപ്പിക്കുന്നതിന് | ആഴ്ചയിൽ ഒരു ദിവസം ബാലസമാജം സംഘടിപ്പിക്കുന്നു നാടൻപാട്ട് ശില്പശാല | |
| കുട്ടികളിൽ കായികക്ഷമതിയുടെ കുറവ് | കായിക ക്ഷമതയുള്ള കുട്ടികളെ തെരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകുക. കായികമേള | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തുരൂപങ്ങളിലെ വ്യത്യാസങ്ങൾ എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ് ആർജിക്കൽ | അക്ഷരങ്ങളുടെ രൂപവ്യത്യാസം ഗ്രഹിക്കാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനത്തിലൂടെ ഉയർത്തിക്കൊണ്ടു വരും. അക്ഷര പഠന സഹായി ഇതിനായി ഉപയോഗിക്കും. അക്ഷരക്കാർഡുകൾ, പദക്കാർഡുകൾ, ചിത്രക്കാർഡുകൾ എന്നിവ ഉപയോഗിക്കും | ജൂൺ ജൂലൈ ആഗസ്റ്റ് |
| അറബി ഭാഷാ ശേഷി വർധിപ്പിക്കുക പദസമ്പത്ത് അധികരിപ്പിക്കുക | പുതിയ പദങ്ങൾ പരിചയപ്പെടൽ പാഠപുസ്തകങ്ങളിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ സാഹചര്യമൊരുക്കുന്നു. ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുന്നു. കൂടുതൽ പദങ്ങളും വാക്കുകളും കണ്ടെത്തുന്നവർക്ക് സമ്മാനം നല്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ |
| അറബിയിലുള്ള ഉപചാര വാക്കുകൾ മനസ്സിലാക്കുക | പാഠപുസ്തകങ്ങളിൽ നിന്നും മറ്റു പുസ്തകങ്ങളിൽ നിന്നും കണ്ടെത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ |
| അറബി ഭാഷാ വിനിമയ ശേഷി വർധിപ്പിക്കൽ | അറബി കലോത്സവത്തിലെ അറബി ഭാഷയുമായി ബന്ധമുള്ള പദനിർമാണം, അറബി കഥ, അറബി കവിത, ഗാനം തുടങ്ങിയ മത്സര പരിശീലനത്തിലൂടെയുള്ള പ്രവർത്തനം | ജൂൺ മുതൽ മാർച്ച് വരെ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഓരോ ദിനാചരണത്തിന്റെ ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യും | ജൂൺ ജൂലൈ ആഗസ്റ്റ് |
| | | |